# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.528 — 30.06.2016-ൽ മറുപടിയ്ക്ക്

## വാദ്യകല പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) വാദ്യകല പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) വാദ്യകലയുടെ പ്രോത്സാഹനത്തിനായി നിരവധി പദ്ധതികൾ കേരള സംഗീത നാടക അക്കാദമി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. വാദ്യകലയുടെ പ്രചാരണത്തിനും പരിപോഷണത്തിനുമായി പ്രസ്തുത കലയെ അക്കാദമിയുടെ പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആചാര്യ സ്ഥാനത്തുള്ള കലാകാരന്മാരുടെ മേളാവിഷ്കാരങ്ങൾ അക്കാദമി പല കേന്ദ്രങ്ങളിലും നടത്തിയിട്ടുണ്ട്. മേളകലയിൽ പുതുതലമുറയ്ക്ക് മികച്ച അവസരങ്ങൾ നൽകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മുറ്റത്തെ മുല്ല, താളമേളം എന്ന പേരിൽ വാദ്യോത്സവം അക്കാദമി സംഘടിപ്പിച്ചുവരുന്നു.<br><br>കൂടാതെ വാദ്യകലാരംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാരെ അക്കാദമി പുരസ്കാരങ്ങൾക്കായി പരിഗണിച്ചുവരുന്നുണ്ട്. അക്കാദമി സർക്കാരുമായി സഹകരിച്ച് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖേന 196 വാദ്യകലാകാരന്മാർക്ക് ഇൻഷ്വറൻസ് പരിരക്ഷ, മെഡിക്ലെയിം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പല്ലാവൂർ ത്രയം എന്നറിയപ്പെടുന്ന വാദ്യകലപതികളുടെ നാമധേയത്തിൽ നെന്മാറ നിയോജക മണ്ഡലത്തിലെ പല്ലശ്ശേനയിൽ ഒരു കലാക്ഷേത്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ